പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3389 — 14.3.2018 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ ഭിന്നശേഷിക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർ എന്ന പദത്തിന്റെ നിർവ്വചനത്തിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ബി) അംഗവൈകല്യമുള്ള വ്യക്തികളെ മുഴുവൻ ഈ പദത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എല്ലാ വകുപ്പുകളിലും ഇത്തരം വ്യക്തികളെ വിശേഷിപ്പിക്കുന്നതിന് ഈ പദം ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ/നിർദ്ദേശത്തിന്റെ പകർപ്പും വിശദാംശവും ലഭ്യമാക്കുമോ; | (എ) & (ബി) 2016 ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിന്റെ ഷെഡ്യൂളിൽ 'Specified Disability' യായി താഴെ പറയുന്ന വൈകല്യമുള്ളവരെയാണ് ഭിന്നശേഷിക്കാർ എന്ന പദത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1. ചലനവൈകല്യം<br>2. കുഷ്ഠരോഗം ചികിത്സിച്ച് ഭേദമായവർ<br>3. സെറിബ്രൽ പാൾസി<br>4. ഹ്രസ്വകായത്വം<br>5. മസ്കുലാർ ഡിസ്ട്രോഫി<br>6. ആസിഡ് ആക്രമണത്തിന് ഇരയായവർ<br>7. അന്ധത<br>8. കാഴ്ചകുറവ്<br>9. ബധിരതയും കേഴ്വി കുറവും<br>10. സംസാര ഭാഷാ വൈകല്യം<br>11. ബുദ്ധിപരമായ വൈകല്യം<br>12. പ്രത്യേക പഠന വൈകല്യം<br>13. ഓട്ടിസം<br>14. മാനസിക രോഗം<br>15. ഗുരുതരമായ ന്യൂറോളജിക്കൽ അവസ്ഥകൾ<br>16. മൾട്ടിപ്പിൾ സ്ക്ലീറോസിസ്<br>17. പാർക്കിൻസൺസ് രോഗം<br>18. ഹീമോഫീലിയ<br>19. താലസ്സീമിയ<br>20. അരിവാൾ രോഗം<br>21. ബധിരാന്ധത ഉൾപ്പെടെയുള്ള ബഹുവൈകല്യം.<br>ഇത്തരം വ്യക്തികളെ വിശേഷിപ്പിക്കുന്നതിന് 'ഭിന്നശേഷിക്കാർ' എന്ന പദം ഉപയോഗിക്കണമെന്ന നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടില്ല. |
| (സി) പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റി ആക്ട്, 1995 പ്രകാരമുള്ള അവകാശങ്ങൾ ഭിന്നശേഷിക്കാർക്ക് ഉറപ്പുവരുത്തുന്ന രീതിയിൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് 1995 പ്രകാരമുള്ള അവകാശങ്ങൾ ഭിന്നശേഷിക്കാർക്ക് ഉറപ്പുവരുത്തുന്ന രീതിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ